പത്രക്കുറിപ്പ്

# ഉപരാഷ്ട്രപതിയുടെ സന്ദർശനം:

## ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി

## നഗരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം

### എയർപോർട്ട് യാത്രക്കാർ, യാത്രാസമയം മുൻകൂട്ടി ക്രമീകരിക്കണം

### സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് പുരസ്കാര വിതരണം നടത്തി

തിരുവനന്തപുരം:- ഉപരാഷട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് (25-02-2021) ശക്തമായ സുരക്ഷാ ക്രമീകരണങ്ങളും ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ അഞ്ചു സോണുകളായി തിരിച്ചാണ് സുരക്ഷ ഒരുക്കുന്നത്. ഓരോ സോണിന്റെയും ചുമതല എസ്.പി മാർക്കായിരിക്കും ഡെപ്യൂട്ടി കമ്മീഷണർ ഡോ. വൈഭവ് സക്സേന മേൽനോട്ടം വഹിക്കുന്ന വഹിക്കുന്ന സുരക്ഷ സംവിധാനത്തിന്റെ ഭാഗമായി 1000 പോലീസ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്.

ഉച്ചയ്ക്ക് 12 മണി മുതൽ ഒരു മണി വരെയും വൈകിട്ട് 6 മണി മുതൽ 7.30 വരെയുമുള്ള സമയത്ത് എയർപോർട്ടിലേയ്ക്ക് വരുന്ന യാത്രക്കാർ അവരുടെ യാത്ര നേരത്തേ ക്രമീകരിച്ച് വരേണ്ടതാണ്. അതോടൊപ്പം ശംഖുമുഖം ബീച്ച് മുതൽ ടെക്നിക്കൽ ഏരിയ വരെയുള്ള കടകൾ ഈ സമയത്ത് തുറന്നു പ്രവർത്തിക്കുവാനോ മറ്റു വഴിയോര കച്ചവടങ്ങൾ നടത്തുവാനോ പാടില്ല. എയർപോർട്ട് യാത്രക്കാർ

വള്ളക്കടവ്– പൊന്നറ പാലം – ബൈപാസ് റോഡ് വഴി പോകണമെന്നും കമ്മീഷണർ അറിയിച്ചു.

കൂടാതെ ഉപരാഷ്ട്രപതിയുടെ പരിപാടിയിൽ പങ്കെടുക്കാനായി എത്തുന്നവർ ബാഗ്, കുട, വാട്ടർ ബോട്ടിൽ തുടങ്ങിയ വസ്തുക്കൾ ഹാളിനുള്ളിലേക്ക് കൊണ്ട് വരരുത്. മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കണം.

## നഗരത്തിലെ ഗതാഗത നിയന്ത്രണം

25–02.2021 തീയതി രാവിലെ 11.00മണി മുതൽ ഉച്ചയ്ക്ക് 01.30 മണിവരെയും, വൈകുന്നേരം 04.00 മണി മുതൽ 07.30 വരെയും എയർപോർട്ട്, ശംഖുമുഖം, ആൾസെയിൻസ്, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്ക്വയർ, രക്തസാക്ഷി മണ്ഡപം, ആർ.ആർ.ലാംമ്പ്, മ്യൂസിയം, വെള്ളയമ്പലം, രാജ്ഭവൻ, കവടിയാർ വരെയുള്ള റോഡിൽ കർശന ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്. ഉച്ചയ്ക്ക് 03.00 മണി മുതൽ 07.00 മണിവരെ ജവർ നഗർ – ടി.ടി.സി – ഗോൾഫ് ലിങ്ക്സ്– പൈപ്പിൻമൂട് വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും കർശന ഗതാഗത നിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

മേൽപ്പറഞ്ഞ റോഡുകളിൽ കർശന പാർക്കിംഗ് നിയന്ത്രണം ഉണ്ടായിരിക്കുന്നതിനാൽ ഗതാഗത തടസ്സം സൃഷ്ടിച്ച് പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് നീക്കം ചെയ്ത് കൊണ്ട് പോകുന്നതും, ആ സമയം വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾക്ക് ട്രാഫിക് പോലീസ് ഉത്തരവാദിയാകുന്നതല്ല.

## വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ

- പേരൂർക്കട ഭാഗത്തു നിന്നും കിഴക്കേകോട്ട, പാളയം ഭാഗത്തേക്ക് വരുന്ന വാഹനങ്ങൾ എസ്.എ.പി – പൈപ്പിൻമൂട് –ശാസ്തമംഗലം – ഇടപ്പഴിഞ്ഞി വഴി പോകേണ്ടതാണ്.
- പൈപ്പിൻമൂട് ഭാഗത്തു നിന്നും ജവഹർ നഗർ, ടി.ടി.സി ഭാഗത്തേക്ക് വരേണ്ട വാഹനങ്ങൾ ശാസ്തമംഗലം വഴി പോകേണ്ടതാണ്.
- വൈകുന്നേരം 04.00 മണി മുതൽ06.30 മണി വരെ പൈപ്പിൻ മൂട്– ഗോൾഫ് ലിങ്ക്സ് – ജവഹർ നഗർ റോഡിൽ ഗതാഗതം ക്രമീകരണം ഉള്ളതിനാൽ യാത്രക്കാർ പ്രസ്തുത റോഡ് ഒഴിവാക്കി യാത്ര ചെയ്യേണ്ടതാണ്.

## നോ പാർക്കിംഗ് സ്ഥലങ്ങൾ

- ശംഖുംമുഖം – ആൾ സെയിന്റ്സ് – ചാക്ക ജംഗ്ഷൻ – പേട്ട – മ്യൂസിയം – രാജ് ഭവൻ – കവടിയാർ വരെയുള്ള റോഡ്
- ജവർ നഗർ – ടി.ടി.സി – ഗോൾഫ് ലിങ്ക്സ് – പൈപ്പിൻമൂട് വരെയുള്ള റോഡ്
- ശംഖുംമുഖം മുതൽ രാജഭവൻ വരെയുള്ള പ്രധാന റോഡിന്റെ ഇരുവശങ്ങളിലും .

വാഹനങ്ങൾ പാർക്ക് ചെയ്യുവാൻ അനുവദിക്കുന്നതല്ല.

അത്യാവശ്യ ഘട്ടങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദിത്വപ്പെട്ടയാളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ആയതിന് വിപരീതമായി

പ്രവർത്തിക്കുന്നവർക്കെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങൾ എർപ്പെടുത്തിയിരിക്കുന്നതിനാൽ വിമാനത്താവളത്തിലേയ്ക്ക് വരുന്ന യാത്രക്കാരും, പി.എസ്.സി പരീക്ഷ എഴുതാൻ എത്തുന്ന ഉദ്യോഗാർത്ഥികളും കാലേക്കൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കണമെന്നും ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

ഫോൺ നമ്പരുകൾ:- 0471-2558731, 0471-2558732

## സ്റ്റുഡൻഡ് പോലീസ് കേഡറ്റ് പുരസ്കാര വിതരണം നടത്തി



സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് പുരസ്കാര വിതരണം 'മികവ് – 2021' ഐ.ജി.പി–യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ ഉത്ഘാടനം നിർവ്വഹിച്ചു. ജഗതി അനന്തപുരി ആഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടിയിൽ എസ്.പി മുഹമ്മദ് ഷാഫി അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത മജീഷ്യൻ പ്രൊഫ: ഗോപിനാഥ് മുതുകാട് മുഖ്യ പ്രഭാഷണം നടത്തി. പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കേഡറ്റുകൾക്കുള്ള പുരസ്കാരവും കമ്മീഷണർ വിതരണം ചെയ്തു. മാജിക് പ്ലാനറ്റിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമ പ്രവർനങ്ങൾക്കായി എസ്.പി സി കേഡറ്റുകൾ സമാഹരിച്ച തുക ചടങ്ങിൽ വച്ച് കമ്മീഷണർ ഗോപിനാഥ് മുതുകാടിന് കൈമാറി.

തിരുവനന്തപുരം സിറ്റി

24–02–2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി